മജീദ് കുട്ടമ്പൂർ

# ആഗോള താപനവും പടിഞ്ഞാറൻ രാജ്യങ്ങളുടെ ഹുങ്കും

**മനുഷ്യകുലത്തിന്റെ** നിലനിൽപിനെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം ഏതാണെന്ന ചോദ്യത്തിന് ഐക്യരാഷ്ട്രസഭ നൽകുന്ന മറുപടി ആഗോളതാപനം മൂലമുള്ള കാലാവസ്ഥാ മാറ്റം എന്നാണ്. 'വികസനം' പുറത്തുവിടുന്ന ഹരിത ഗൃഹവാതകങ്ങളായ കാർബൺ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ്, നൈട്രസ് ഓക്സൈഡ്, മീഥൈൽ, ക്ലോറോ-ഫ്ളൂറോ കാർബൺ എന്നിവയുടെ ഭൗമാന്തരീക്ഷത്തിലെ വർധനവ് താപനിലയെ ക്രമാതീതമായി വർധിപ്പിക്കുന്നു. ഈ വർധനവ് തുടരുകയാണെങ്കിൽ ശ്വാസം കഴിക്കാൻ പോലും കഴിയാത്ത അവസ്ഥ വന്നുചേരും. കാർബൺ ഡൈഓക്സൈഡിന്റെ അളവ് 280 പി.പി.എം- ൽ നിന്ന് 379 പി.പി.എം. ആയി ഉയർന്ന 1995- 2006-ലെ നില തുടരുകയാണെങ്കിൽ 2100 ആകുമ്പോഴേക്കും 5 ഡിഗ്രി സെൽഷ്യസ് മുതൽ 7 ഡിഗ്രി സെൽഷ്യസ് വരെ ചൂട് വർദ്ധിക്കാമെന്നാണ് ഐ.പി.സി.സി (ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച്) എന്ന ഐക്യരാഷ്ട്ര സഭയുടെ ഉപസമിതിയുടെ പഠന റിപ്പോർട്ട്. ഭൂമി തണുത്തുറഞ്ഞ മഞ്ഞു മൂടിയ ഗ്രഹമായിരുന്നുവെന്നും താപനിലയിൽ ഉണ്ടായ വർധനവാണ് മഞ്ഞുരുകി ഭൂമിയെ ഈ നിലയിൽ എത്തിച്ചതെന്നും ശാസ്ത്രം പറയുന്നു. താപനില ഒരു ഡിഗ്രി ഉയർന്നാൽതന്നെ കാറ്റിന്റെ ഗതിമാറുന്നതും മഞ്ഞുമലകൾ ഉരുകിത്തീരുന്നതും ലോകം കാണുന്നു. കാലം തെറ്റിയുള്ള മഴയും പ്രളയവും മണ്ണിടിച്ചിലും വരൾച്ചയും ഇതിന്റെ ഭീഷണികളാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിൽ ഒരു ഡിഗ്രി ഫാരൻഹീറ്റ് വർദ്ധിച്ചപ്പോഴുള്ള കാലാവസ്ഥാ മാറ്റം 1.6 ലക്ഷം പേരുടെ ജീവഹാനിക്ക് കാരണമായതായും 30 ശതമാനം മുതൽ 40 ശതമാനം വരെ ജീവജാലങ്ങൾ വംശനാശഭീഷണിയിലെത്തിയതായും ലോകാരോഗ്യ സംഘടന രേഖപ്പെടുത്തുന്നു. സസ്തനികളിൽ 23 ശതമാനം വരെ നശിച്ചു കഴിഞ്ഞു.

ചൂട് വർദ്ധിക്കുമ്പോൾ വൈറസുകൾ പെരുകുന്നു. ഉയർന്ന ചൂടിനോട് പൊരുത്തപ്പെടുന്ന പ്രാണികളും കൊതുകുകളും കീടങ്ങളും പെറ്റുപെരുകും. മുമ്പൊരിക്കലും കേട്ടിട്ടില്ലാത്ത പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോ സിസ്റ്റം സ്റ്റഡീസ് പറയുന്നത്, ആഗോളതാപനംമൂലം ബാക്ടീരിയ, വൈറസ് എന്നിവമൂലമുള്ള പല രോഗങ്ങളും 10 വർഷംകൊണ്ട് പുതിയ രൂപത്തിൽ തിരിച്ചെത്തുമെന്നാണ്. ലോക ജനസംഖ്യയിൽ നാലിൽ മൂന്നു ഭാഗത്തിന്റേയും ഔഷധാവശ്യങ്ങൾ സസ്യ-വനവിഭവങ്ങൾ വഴിയാണ് നിറവേറ്റുന്നതെന്ന് ലോകാരോഗ്യസംഘടന പറയുമ്പോൾതന്നെ, നിത്യഹരിത വനങ്ങളിൽ 52 ശതമാനവും വംശനാശത്തിന്റെ ഭീഷണിയിലാണെന്ന് നമ്മെ ഓർമിപ്പിക്കുന്നു. ചെറുതും വലുതുമായ ലക്ഷക്കണക്കിന് നിബിഡവനങ്ങൾ ചൂടു മൂലം നശിച്ചിട്ടുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ജലജന്യരോഗങ്ങൾ, ചുടുകാറ്റ്, കടലാക്രമണം, ജൈവനാശം ഇവക്കെല്ലാം കാരണം ഭൗമാന്തരീക്ഷത്തിലെ താപനിലയിൽ ഉണ്ടാവുന്ന വർധനവാണെന്നാണ് ഐ.പി.സി.സി യുടെ പഠനം പറയുന്നത്. ഹരിതഗൃഹവാതകങ്ങളുടെ നിർഗമനം ഇന്നത്തെപ്പോലെ തുടർന്നാൽ സമുദ്രനിരപ്പ് ക്രമാതീതമായി ഉയരുകയും തീരപ്രദേശങ്ങൾ വെള്ളത്തിനടിയിലാവുകയും ചെയ്യും. കിണറുകളിലും ജലാശയങ്ങളിലും ഉപ്പുവെള്ളം നിറയും. ഐ.പി.സി.സി റിപ്പോർട്ടനുസരിച്ച്, 2035-ഓടു കൂടി ഹിമാലയൻ മഞ്ഞു മലകൾ അപ്രത്യക്ഷമാവും. ഇന്ത്യയിലെ ആവാസ വ്യവസ്ഥയെ ഇത് തകിടം മറിക്കും. ഗംഗയും യമുനയും ഗോദാവരിയും വറ്റിവരളുന്നതിനാൽ രാജ്യത്തിന്റെ വടക്കുകിഴക്കൻ മേഖല ഊഷരമാവും.

2020-ഓടെ ആഫ്രിക്കയിലെ 7 1/2 കോടി മുതൽ 25 കോടി വരെ ജനങ്ങൾ ജല ദൗർലഭ്യം അനുഭവിക്കും. പല രാജ്യങ്ങളിലും കൃഷി പകുതിയായി കുറയും. ഭക്ഷ്യക്ഷാമത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും ഭരണകൂടങ്ങൾ പരസ്പരം ബന്ധിപ്പിച്ചു കാണണമെന്ന് അന്താരാഷ്ട്ര ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് ലോകരാജ്യങ്ങളെ ഉണർത്തുന്നു. കാലാവസ്ഥാ വ്യതിയാനം മൂലം പരസ്പരാശ്രിതത്വത്തിലും ചാക്രിക ശൃംഖലകളിലും ബന്ധിതമായ ജൈവവൈവിധ്യം നാശത്തിന്റെ വക്കിലാണ്.

സൂര്യനിൽ നിന്നുള്ള ആൾട്രാ വയലറ്റ് രശ്മികളെ ചെറുത്തു നിൽക്കുന്ന ഓസോൺ പാളിയുടെ വിള്ളൽ പുതുനൂറ്റാണ്ടിന്റെ തുടക്കത്തിൽ അന്റാർട്ടിക്കക്കുമുകളിൽ 28.3 മില്യൺ ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണ് രേഖപ്പെടുത്തിയത്. എന്നു പറഞ്ഞാൽ അമേരിക്കയുടെ മൂന്നിരട്ടി വിസ്തൃതി. ഈ കടുത്ത ആശങ്കക്കു

നടുവിലും, ഹരിത ഗൃഹവാതകങ്ങളുടെ നിർഗമനം നിയന്ത്രിക്കുന്നതിനുള്ള പ്രോട്ടോകോൾ രൂപപ്പെടുത്തിയ ക്യോട്ടോ ഉടമ്പടിയുടെ കാലാവധി തീരുന്ന 2012-ന് ശേഷം കൂടുതൽ കർക്കശ നടപടികൾക്ക് തുടക്കം കുറിക്കാൻ ഇന്തോനേഷ്യയിലെ ബാലിയിൽ ചേർന്ന 13-ാം കാലാവസ്ഥാ ഉച്ചകോടി ഒരു തീരുമാനവുമില്ലാതെ പിരിയുകയാണുണ്ടായത്. 1997-ൽ ജപ്പാനിലെ ക്യോട്ടോയിൽ വെച്ചാണ് കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച നിർണായക യോഗം നടന്നത്. വികസിത- അവികസിത വികസ്വര രാഷ്ട്ര പ്രതിനിധികളെല്ലാം പങ്കെടുത്ത യോഗത്തിൽ കാലാവസ്ഥാ വ്യതിയാനമെന്ന വിപത്തിനെ ചെറുക്കാൻ ചില തീരുമാനങ്ങളെടുത്തു. 2012-ഓടു കൂടി മുഴുവൻ രാജ്യങ്ങളും പുറംതള്ളുന്ന ഹരിത ഗൃഹവാതകങ്ങളുടെ അളവ് നിലവിലുള്ളതിന്റെ 20 ശതമാനം കുറക്കണമെന്നായിരുന്നു ഒരു പ്രധാന തീരുമാനം. ലോകത്തെ മൊത്തം വിഭവങ്ങളുടെ ഉൽപാദനത്തിന്റെ 86 ശതമാനം അനുഭവിക്കുന്ന 15 ശതമാനത്തിൽ താഴെ വരുന്ന സമ്പന്ന രാജ്യങ്ങളാണ് മലിനീകരണത്തിന്റെ 90 ശതമാനവും സംഭാവന ചെയ്യുന്നത്. ഇതിൽ ഏറ്റവും മുന്നിലുള്ള അമേരിക്ക ഈ കരാറിനെ ആദ്യം മുതലേ അംഗീകരിച്ചില്ല. ക്യോട്ടോ കരാറിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പ് ഇനിയെന്ത് എന്ന ചോദ്യത്തിനുത്തരം കാണാനായിരുന്നു ബാലി സമ്മേളനം. ഐ.പി.സി.സി യുടെ ഇരുനൂറിലധികംവരുന്ന കാലാവസ്ഥാ ശാസ്ത്രജ്ഞൻമാരുടെ പഠന റിപ്പോർട്ട് സമ്മേളനത്തിനു മുമ്പ് വിതരണം ചെയ്തിരുന്നു. തദടിസ്ഥാനത്തിൽ ഗുരുതരമായ ഈ പ്രതിസന്ധിയിൽ ഓരോ രാജ്യവും 2020-ഓടെ കാർബൺ മൂലകങ്ങളുടെ നിർഗമനം 25 ശതമാനം മുതൽ 40 ശതമാനം വരെ വെട്ടിച്ചുരുക്കി 2050-ഓടു കൂടിയെങ്കിലും ഇപ്പോഴുള്ളതിന്റെ പകുതിയായി ചുരുക്കണമെന്നായിരുന്നു നിർദേശം. എന്നാൽ വ്യവസായിക വാതകങ്ങൾ പുറം തള്ളുന്നത് തടയാനാവില്ലെന്ന നിലപാടിലാണ് ഇപ്പോഴും അമേരിക്ക. യു.എൻ കണക്കു പ്രകാരം, അമേരിക്കയിൽ കാർബൺ ഡയോക്സൈഡിന്റെ ഉല്പാദന നിരക്ക് ആളോഹരി 20 ടൺ ആണ്. ഇന്ത്യയുടേത് 1.1 ടണും ചൈനയുടേത് 4 ടണുമാണ്.അമേരിക്ക വിലങ്ങടിച്ചു നിന്നത് കാരണം, ഏറെ കൊട്ടിഘോഷിക്കപ്പെട്ട ബാലി ഉച്ചകോടി എങ്ങുമെത്താതെ പിരിഞ്ഞു. 2009-ൽ കോപ്പൻഹേഗനിൽ വീണ്ടും ഒത്തുകൂടാമെന്ന ഒരു പ്രസ്താവന മാത്രമേ നടന്നുള്ളൂ.

പ്രകൃതി വിഭവങ്ങളെ പരമാവധി ചൂഷണം ചെയ്യുകയെന്നത് (Maximum Utilization Resources) തത്വമായംഗീകരിച്ച മുതലാളിത്ത ലോകത്തിന് സൂനാമികളും ഭൂകമ്പങ്ങളും പകർച്ചവ്യാധികളുമൊന്നും താക്കീതുകളാവുന്നില്ല. ക്യോട്ടോ കരാർ നിലവിലുള്ള സന്ദർഭത്തിൽ പോലും സമ്പന്നരാജ്യങ്ങളുടെ മലിനീകരണം 11 ശതമാനം വർധിക്കുകയാണുണ്ടായതെന്ന് പഠനങ്ങൾ പറയുന്നു. 1990-99 കാലത്ത് കാർബൺഡയോക്സൈഡ് ഉൽപാദനം 1.1 ശതമാനം കൂടിയപ്പോൾ 2000-2004-ൽ മൊത്തം വർധനവ് 3 ശതമാനമായി. ഇതിന്റെ ഫലമായി യുഗങ്ങളായി അനങ്ങാതെ നിന്നിരുന്ന ആർട്ടിക് ഹിമവാഹിനി 2013-ഓടെ ഉരുകിത്തീരുമെന്നാണ് ശാസ്ത്രലോകം പറയുന്നത്.

യു. എൻ സെക്രട്ടറി ജനറൽ ബാൻകിമൂൺ ഉച്ചകോടിയിൽ പറഞ്ഞപോലെ "ആഗോള താപനം തടഞ്ഞു നിർത്തുന്നതിൽ ലോകം പരാജയപ്പെട്ടാൽ ജീവജാലങ്ങൾക്ക് രക്ഷപ്പെടാൻ ജീവൻ നിലനിൽക്കുന്ന മറ്റൊരു ഗ്രഹവും സൗരയൂഥത്തിലില്ല"! ■